ജനനി ജന്മരക്ഷാ പദ്ധതി

101(8011) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം,യുവജനങ്ങളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതി ആരംഭിച്ചത് എന്നാണ്, ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചു; എത്ര തുക വീതം വിതരണം ചെയ്തു;

(സി) പദ്ധതിയുടെ നടത്തിപ്പിൽ വൻക്രമക്കേടുകൾ നടന്നതായും അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പാക്കുന്നതിനും അർഹതപ്പെട്ടവർക്ക് സഹായം യഥാസമയം എത്തിച്ചുകൊടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2013 ജൂൺ മാസം ജനനി ജന്മരക്ഷ പദ്ധതി ആരംഭിച്ചു. കേരളത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയാണ് ജനനി ജന്മരക്ഷ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി)

വർഷം	ആരംഭിച്ചത്	ചെലവഴിച്ചത്
2013-14	415 ലക്ഷം	415 ലക്ഷം
2014-15	150 ലക്ഷം	150 ലക്ഷം
2015-16	655 ലക്ഷം	655 ലക്ഷം

(സി) ജനനി ജന്മരക്ഷ പദ്ധതി പ്രകാരമുള്ള ധനസഹായം തപാൽ വകുപ്പുവഴി മണിഓർഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് അയച്ചുനൽകിയിരുന്നത്. വിവിധ കാരണങ്ങളാൽ ടി തുക യഥാസമയം ലഭ്യമാകാതെ വന്നിട്ടുള്ളതായി

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം മുതൽ പദ്ധതി അതാത് പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന യഥാസമയം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജിലെ അദ്ധ്യയനം

102(802) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ എന്ന് ക്ലാസ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിൽ 2016-17 അദ്ധ്യയന വർഷം മുതൽ തന്നെ പ്രവേശനം സാധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് എം.സി.ഐ.-യുടെ പരിശോധനകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം.സി.ഐ.-യിൽനിന്നും ലെറ്റർ ഓഫ് പെർമിഷൻ (LOP) ലഭിച്ചാലുടൻ അഡ്മിഷൻ നടത്തി ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയും.

പുതിയ മെഡിക്കൽ കോളേജുകൾ

103(803) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ആസൂത്രണം ചെയ്ത കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത് ഏതൊക്കെ മേഖലകളിലാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly